**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4036** **17-03-2025 - ൽ മറുപടിയ്ക്ക്**

**റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>റേഷൻ കട വഴി ലഭ്യമാകുന്ന സേവനങ്ങൾക്ക് പുറമെ മിൽമ ഉത്പന്നങ്ങൾ, സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ചോട്ടു ഗ്യാസ് (5 kg), വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള MSME (Micro Small and Medium Enterprises) ഉത്പന്നങ്ങൾ, CSC (Common Service Centre) സേവനങ്ങൾ എന്നിവ കെ-സ്റ്റോറുകൾ വഴി ലഭ്യമാണ്. |
| (ബി) | പാറശാല മണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പാറശ്ശാല മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന നെയ്യാറ്റിൻകര താലൂക്കിൽ 1106478, 1106051, 1106018, 1106479, 1106566, 1106476, 1106391, 1106530, 1106526, 1106536, 1106112 എന്നീ 11 കടകളും കാട്ടാക്കട താലൂക്കിൽ 1170046, 1170126 എന്നീ 2 റേഷൻ കടകളും നിലവിൽ കെ-സ്റ്റോർ ആയി പ്രവർത്തിക്കുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നീ മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും റേഷൻകടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാർ മാനദണ്ഡം അനുസരിച്ച് കെ-സ്റ്റോർ ആയി പരിവർത്തനം ചെയ്യാൻ താല്പര്യം ഉള്ള ഏത് റേഷൻ കട ലൈസൻസിക്കും ആയത് അനുവദിച്ചു നൽകുന്നതാണ്. |
| (ഡി) | 2016 മുതൽ നാളിതുവരെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിലേയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം അറിയിക്കാമോ? | (ഡി) | പാറശ്ശാല മണ്ഡലത്തിൽ "കെ സ്റ്റോർ", "സുജലം", "സഞ്ചരിക്കുന്ന റേഷൻ കട" എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>"സഞ്ചരിക്കുന്ന റേഷൻ കട" എന്ന പദ്ധതി, പാറശ്ശാല മണ്ഡലത്തിൽ ഉൾപ്പെടുന്ന കാട്ടാക്കട താലൂക്കിന്റെ പരിധിയിൽ വരുന്ന പുരവിമല സെറ്റിൽമെന്റിൽ 2022 മുതൽ നടപ്പിൽ |

| | | | |
|---|---|---|---|
| | | | വരുത്തിയിട്ടുണ്ട്. റേഷൻ വിതരണത്തിനുള്ള വാഹനത്തിനായി 5,78,100/- ചേർത്ത് നാളിതുവരെയായി അനുവദിച്ച നൽകിയിട്ടുണ്ട്.<br><br>ആര്യങ്കോട് ഗ്രാമ പഞ്ചായത്തിൽ ഒറ്റശേഖരമംഗലം മാവേലിസ്റ്റോറിനെ 23.11.2016 തീയതിയിൽ സൂപ്പർ മാർക്കറ്റായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ആയതിലേയ്ക്ക് 2,00,676/- രൂപ അനുവദിച്ചിട്ടുണ്ട്<br><br>പെരുങ്കടവിള ഗ്രാമ പഞ്ചായത്തിൽ മാരായമുട്ടം മാവേലിസ്റ്റോറിനെ 06.12.2019 തീയതിയിൽ സൂപ്പർമാർക്കറ്റായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ആയതിലേയ്ക്ക് 8,98,847.97 രൂപ അനുവദിച്ചിട്ടുണ്ട്.<br><br>അമ്പൂരി ഗ്രാമ പഞ്ചായത്തിൽ 10.09.2024 തീയതിയിൽ കുടപ്പനമൂട് സൂപ്പർ മാർക്കറ്റ് ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് 3,59,293/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ